ചെയ്യേണ്ടതാണെന്നും പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) പണികൾ നടപ്പിലാക്കുന്നതിനുള്ള പുരോഗതി സർക്കാർ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. ജില്ലാകളക്ടർമാർ എല്ലാ മാസവും അവലോകനം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

214 (280) റവന്യൂ ഭരണം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതികൾ കണ്ടുപിടിക്കുന്നതിനും ഓഫീസ് പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വില്ലേജാഫീസുകളിലെയും താലൂക്കാഫീസുകളിലെയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള താലൂക്കുകളും വില്ലേജുകളും വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1.7.1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കി പകരം കമ്മിഷണർമാർക്ക് അധികാരം നൽകുകയും, 14.10.1998-ലെ ജി.ഒ.(എം.എസ്.) 510/98/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ലാന്റ് റവന്യൂ കമ്മിഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് തലംവരെ ഉൾപ്പെടുന്ന തരത്തിൽ വകുപ്പ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. താലൂക്ക് ഓഫീസുകളിലും വില്ലേജാഫീസുകളിലും നിന്ന് വിവിധ തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് കാലതാമസം നേരിടുന്നതുകാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അവ പരിഹരിക്കുന്നതിന് നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ വിവിധതലങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിനു ലഭിക്കുന്ന പരാതികളിൽ സത്വര നടപടി സ്വീകരിക്കുന്നതിനും അഴിമതി തടയുന്നതിനുമായി തിരുവനന്തപുരവും കോഴിക്കോടും കേന്ദ്രമായി രണ്ട് വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) റവന്യൂ വകുപ്പിന്റെ വിവിധതലങ്ങളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിനു ലഭിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽ നിന്നു നേരിട്ടു ലഭിക്കുന്ന പരാതികളിലും വകുപ്പിൽ ഉദ്യോഗസ്ഥതലങ്ങളിൽ നടക്കുന്ന അഴിമതികളെക്കുറിച്ചുള്ള പത്രവാർത്തകളിലും വിജിലൻസ് സെല്ലുകൾ അന്വേഷണം നടത്തി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുനഃസംഘടനയുടെ ഭാഗമായി താലൂക്കാഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി എല്ലാ കളക്ടറേറ്റുകളിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പരിശോധനാവിഭാഗവും വില്ലേജാഫീസുകളിൽ പരിശോധന നടത്തുന്നതിനുവേണ്ടി അഡീഷണൽ തഹസിൽദാർക്ക് ചുമതലകളും നൽകിയിട്ടുണ്ട്.

(ഡി) റവന്യൂ പുനഃസംഘടനയുടെ ഭാഗമായി വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

215 (281) കയർ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കയർ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ യന്ത്രവൽകൃത റാട്ടുകളും ചകിരി മില്ലുകളും സ്ഥാപിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) യന്ത്രവൽകൃത റാട്ടുകളും ചകിരി മില്ലുകളും ഗുണമേന്മ കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ കേടുപാടുകൾ സംഭവിക്കുന്ന യന്ത്രവൽകൃത റാട്ടുകളും ചകിരിമില്ല് യന്ത്രങ്ങളും റിപ്പയർ ചെയ്യുന്നതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ഉല്പാദനക്ഷമത കൂടിയ നല്ലതരം കയർപിരി റാട്ട് വികസിപ്പിച്ചെടുത്തതിനുശേഷം മാത്രം പുതിയ യന്ത്രവൽകൃത കയർപിരി യൂണിറ്റുകൾ സ്ഥാപിച്ചാൽ മതിയെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഗുണമേന്മ കൂടിയ കയർ, ഉല്പാദന ക്ഷമതയോടെ നിർമ്മിക്കാനുതകുന്ന യന്ത്രവത്കൃത റാട്ടുകൾ നിർമ്മിച്ചെടുക്കുന്നതിനുള്ള പരീക്ഷണ പ്രോജക്ടുകൾക്ക് കെൽട്രോൺ, ഐ.ഐ.റ്റി. മദ്രാസ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി. ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികളേയും പരമാവധി പ്രോത്സാഹിപ്പിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly